വിൽപ്പന നികുതി നിയമം

*341 [359] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിൽപ്പന നികുതി നിയമം ലളിതമാക്കി, കച്ചവടക്കാരെ ബുദ്ധിമുട്ടിക്കുന്ന ഇന്നത്തെ ആക്ററിലെ പഴുതുകൾ മാററിക്കളയുന്നതിന് നടപടി എടുക്കാമോ?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

വിൽപ്പന നികുതി നിയമത്തിൽ യുക്തമായ പരിഷ്കാരം കാലാകാലങ്ങളിൽ വരുത്തിയിട്ടുണ്ട്. കച്ചവടക്കാരെ ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള പഴുതുകളൊന്നും വിൽപ്പന നികുതി നിയമത്തിൽ ഉള്ളതായി തോന്നുന്നില്ല.

വില്ലേജുകളുടെ പുനഃസംവിധാനത്തിനു നിയമിച്ച കമ്മീഷൻ

*342 [360] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജുകളുടെ പുനഃസംവിധാനത്തിനുള്ള കമ്മീഷന്റെ നിയമനം സംബന്ധിച്ച് എന്തെങ്കിലും നോട്ടിഫിക്കേഷൻ സർക്കാർ പുറപ്പെടുവിച്ചിരുന്നോ;

(ബി) കമ്മീഷന്റെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സംഘടനകളെയും വ്യക്തികളെയും പങ്കുകൊള്ളിക്കുന്നതിന് എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബിജോൺ):

(എ) വില്ലേജുകളുടെ പുനഃസംവിധാനത്തിനുവേണ്ടി കമ്മീഷനെ നിയമിച്ചിട്ടില്ല.

(ബി) കൂടുതൽ വില്ലേജുദ്യോഗസ്ഥൻമാരെ നിയമിക്കേണ്ട ആവശ്യമുണ്ടോ എന്നു തീരുമാനിക്കുന്നതിന് അവരുടെ അദ്ധ്വാനഭാരത്തെ സംബന്ധിച്ച ഒരു പഠനം നടത്തുവാൻ റവന്യൂ ബോർഡ് സെക്രട്ടറിയോട് സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കുന്ന അവസരത്തിൽ കേരള സ്റേറററ് വില്ലേജ് സ്റാഫ് അസോസിയേഷന്റെ ജനറൽ സെക്രട്ടറിയുമായി ബോർഡ് സെക്രട്ടറി ചർച്ച നടത്തിയിട്ടുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

താലൂക്കാഫീസുകളിലെ ജോലിഭാരം

668 [963] ശ്രീ. എൻ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) റവന്യൂ വകുപ്പിലെ താലൂക്ക് ആഫീസുകളിൽ ദുർവഹമായ കാലിഭാരം അനുഭവപ്പെടുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പരാതി പരിഹരിക്കുവാൻ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗവൺമെൻറിൻെറ പരിഗണനയിലാണ്.

ഫാമിൻ റിലീഫ് പ്രവർത്തനങ്ങൾക്ക് ചിലവായ തുക

669 [965] ശ്രീ. ഇ. നാരായണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാമിൻ റിലീഫിനുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽനിന്നും എന്തു തുക അനുവദിച്ചു കിട്ടിയിട്ടുണ്ട്;

(ബി) ഇത് ഓരോ ജില്ലയിലും എന്തു തുക വീതമാണ് ചിലവാക്കാൻ തീരുമാനിച്ചിട്ടുള്ളത്? എന്തു തുക ചിലവായി? ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) എന്തു പ്രവർത്തിക്കാണ് ഇതിൽ പ്രാധാന്യം കൊടുത്തിട്ടുള്ളത്;

(ഡി) ഓരോ ജില്ലക്കും സംഖ്യ അലോട്ടു ചെയ്തതിൻെറ മാനദണ്ഡം എന്താണ്?

ഉത്തരം

(എ) 11 കോടി രൂപ മുൻകൂർ പദ്ധതി വിഹിതമായിട്ടും 2 കോടി രൂപ കടമായിട്ടും കിട്ടിയിട്ടുണ്ട്.

(ബി, സി, ഡി) ഇതിൽ റവന്യൂ വകുപ്പിൻെറ അധീനതയിൽ 2 കോടി 75 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഈ 2 കോടി 75 ലക്ഷം രൂപ ഉൾപ്പെടെ ആകെ 362.25 ലക്ഷം രൂപ വിവിധ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായും 375 ലക്ഷം രൂപ റിലീഫ് വർക്കുകൾ ഏറെറടുക്കുന്നതിനായും കളക്ടർമാർക്കും മറും അലോട്ടു ചെയ്തിട്ടുണ്ട്. അലോട്ട് ചെയ്തിട്ടുള്ളതിൻെറ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്† വിവിധ ഇനങ്ങളിലുള്ള നാശനഷ്ടത്തിൻെറ അടിസ്ഥാനത്തിലും അതിവർഷംമൂലം പൊതു നിരത്തുകൾ, കൃഷിയിടങ്ങൾ മുതലായവയ്ക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനുതകുന്ന റിലീഫ് വർക്കുകൾ എന്നിവ കണക്കിലെടുത്തുമാണ് അലോട്ടുമെൻറ് നടത്തിയിട്ടുള്ളത്.

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly